"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - വയനാട് ചൂരൽമല ദുരന്തബാധിതരുടെ 30/07/2024 തീയതി വരെ ഉണ്ടായിരുന്ന മൊത്തം വായ്പാബാധ്യതയും സർക്കാർ ഏറ്റെടുത്തതിൻപ്രകാരം ആവശ്യമായി വരുന്ന ₹18,75,69,037.90 (പതിനെട്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറു പൈസ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ( ഡി.ആർ.എഫ്.സി )വകുപ്പ്**

സ.ഉ.(സാധാ) നം.257/2026/RD തീയതി, തിരുവനന്തപുരം, 31-01-2026

---

പരാമർശം:- സ.ഉ(കൈ) നം.4/2026/DMD തീയതി 29/01/2026

**<u>ഉത്തരവ്</u>**

വയനാട് ചൂരൽമല ദുരന്തബാധിതരുടെ 30/07/2024 തീയതി വരെ ഉണ്ടായിരുന്ന മൊത്തം വായ്പാബാധ്യതയും സർക്കാർ ഏറ്റെടുത്തുകൊണ്ടും, ഇതിനാവശ്യമായി വരുന്ന 18,75,69,037.90/- കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ടും മേൽ പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2. മേൽ പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30/07/2024 തീയതി വരെ ഉണ്ടായിരുന്ന മൊത്തം വായ്പാബാധ്യത തുകയായ ₹18,75,69,037.90 (പതിനെട്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറു പൈസ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന തുകയായ **₹18,75,69,037.90** (പതിനെട്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി മുപ്പത്തിയേഴ് രൂപ തൊണ്ണൂറു പൈസ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാകളക്ടർ തുക ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 31-01-2026 14:21:27
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി .എ.യ്ക്ക്
റവന്യൂ ഡി.ആർ.എഫ്. എ/ഡി.ആർ.-ബി വകുപ്പുകൾ